## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

18.03.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2143

# സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട്

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുകയും, മറ്റ് ഗുരുതര രോഗങ്ങൾ ബാധിക്കുകയും ചെയ്തവർക്ക് സർക്കാർ പ്രഖ്യാപിച്ച റിസ്ക് ഫണ്ടിൽ നിന്നും സംസ്ഥാനത്ത് എത്ര പേർക്ക് എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2015 ഫെബ്രുവരി വരെ ആകെ 15,515 വായ്പക്കാർക്കായി 100,54,92,890 (നൂറ് കോടി അൻപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ) രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| നം | ജില്ല | ഫയലുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 763 | 6,58,75,972 |
| 2 | കൊല്ലം | 763 | 6,84,42,212 |
| 3 | പത്തനംതിട്ട | 366 | 2,86,42,971 |
| 4 | ആലപ്പുഴ | 455 | 3,78,06,666 |
| 5 | കോട്ടയം | 1,315 | 10,35,35,637 |
| 6 | ഇടുക്കി | 910 | 4,34,88,779 |
| 7 | എറണാകുളം | 3,324 | 20,06,70,180 |
| 8 | തൃശ്ശൂർ | 1,695 | 12,32,00,357 |
| 9 | പാലക്കാട് | 1,179 | 7,66,36,188 |
| 10 | മലപ്പുറം | 1,096 | 6,83,51,099 |
| 11 | കോഴിക്കോട് | 524 | 4,24,33,296 |
| 12 | വയനാട് | 185 | 86,95,636 |
| 13 | കണ്ണൂർ | 2,197 | 10,45,13,874 |
| 14 | കാസർഗോഡ് | 743 | 3,32,00,023 |
| | ആകെ | 15,515 | 1,00,54,92,890 |

| | | | |
|---|---|---|---|
| (ബി) | തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ടിനായി എത്ര അപേക്ഷ ലഭ്യമായെന്നും എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചെന്നും വിശദമാക്കാമോ? | (ബി) | അസംബ്ലി മണ്ഡലം തിരിച്ച റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുള്ളതിന്റെ കണക്ക് തയ്യാറാക്കാറില്ല. എന്നാൽ കണ്ണൂർ ജില്ലയിൽ ആകെ 2197 വായ്പക്കാർക്കായി 10,45,13,874/- (പത്ത് കോടി നാല്പത്തിയഞ്ചു ലക്ഷത്തി പതിമൂന്നായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ) രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ